**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

ജീവനക്കാര്യം - ജോയിൻറ് രജിസ്ട്രാർമാരുടെ സ്ഥലംമാറ്റം - അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണ വിഭാഗം എ 1 സെക്ഷൻ**

നമ്പർ. 3776/AD A 1/2019/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 03.08.2019

---

പരാമർശം:-02.08.2019-ലെ രജിസ്ട്രാർ (i/c)-ൻറെ കുറിപ്പ് നം. രജി/2/181/2019, വൈസ് ചാൻസിലറുടെ ഉത്തരവ് സഹിതം.

**<u>ഉത്തരവ്</u>**

സർവ്വകലാശാല നടത്തിവന്നിരുന്ന സ്വാശ്രയ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ബഹു. കേരള ഹൈക്കോടതിയിലും ബഹു. സുപ്രീം കോടതിയിലും നിലവിലുള്ള വിവിധ കേസ്സുകളുമായി ബന്ധപ്പെട്ട ജോലികൾ ഏകോപിപ്പിക്കുന്നതും, അതോടൊപ്പം സർവ്വകലാശാലയിലെ അക്കാദമിക് വിഭാഗത്തിൻറെ ചുമതലകൾ നിർവ്വഹിക്കുന്നതും ജോയിൻറ് രജിസ്ട്രാർ-2 (ഭരണം) ശ്രീ. സാബു തോമസ് ആണ്. മേൽപ്പറഞ്ഞ തരത്തിലുള്ള കേസുകൾ വളരെയധികം സൂക്ഷ്മതയോടെ കൈകാര്യം ചെയ്യേണ്ടതുണ്ട്. കൂടാതെ അക്കാദമിക് സെക്ഷനുകളിലെ ഫയലുകളും സമയബന്ധിതമായി തീർപ്പാക്കേണ്ടതുണ്ട്.

ആയത് പരിഗണിച്ച്, ജോയിൻറ് രജിസ്ട്രാർ-3 (ഭരണം) ആയ ശ്രീ. തുളസീലാൽ ആർ.എൻ.-നെ ജോയിൻറ് രജിസ്ട്രാർ-2 (ഭരണം) ആയും, ജോയിൻറ് രജിസ്ട്രാർ-2 (ഭരണം) ആയ ശ്രീ. സാബു തോമസ്-നെ ജോയിൻറ് രജിസ്ട്രാർ-3 (ഭരണം) ആയും പരസ്പരം മാറ്റി നിയമിച്ചുകൊണ്ട് വൈസ് ചാൻസിലർ ഉത്തരവായിരിക്കുന്നു.

ഹൈക്കോടതിയിലെയും സുപ്രീം കോടതിയിലെയും കേസ്സുകൾ സംബന്ധിച്ച് വ്യക്തമായ ധാരണ ശ്രീ. സാബു തോമസ്-ന് ഉള്ളതിനാൽ, ജോയിൻറ് രജിസ്ട്രാർ-3 (ഭരണം) നിലവിൽ കൈകാര്യം ചെയ്യുന്ന സെക്ഷനുകൾക്ക് പുറമെ എസ്.എഫ്.-1 സെക്ഷൻ, എസ്.എഫ്. ലീഗൽ സെക്ഷൻ, എസ്.എഫ്. സ്പെഷ്യൽ സെൽ എന്നിവയുടെ ചുമതലകൾ കൂടി ജോയിൻറ് രജിസ്ട്രാർ-3 (ഭരണം) നിർവ്വഹിക്കേണ്ടതാണ്.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

പ്രേംകുമാർ ആർ

അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. ബന്ധപ്പെട്ട വ്യക്തികൾ
2. വൈസ് ചാൻസിലർ, പ്രൊ വൈസ് ചാൻസിലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ, പരീക്ഷാ കൺട്രോളർ, ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ.മാർ
4. അസിസ്റ്റൻറ് രജിസ്ട്രാർ/ഡെപ്യൂട്ടി രജിസ്ട്രാർ/ജോയിൻറ് രജിസ്ട്രാർ (ഭരണം/പരീക്ഷ/അക്കാദമികം/ധനകാര്യം)
5. ജോയിൻറ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ്, എം.ജി. യൂണിവേഴ്സിറ്റി
6. പി.ആർ.ഒ./എഡി.എIII/എഡി.എIV/എഡി.എVI/എഡി.സിI/II/III/ഓഡിറ്റ്I/III/V/ഫിനാൻസ് I/II/FCC/എഡി.ബി.IX
7. സ്റ്റാറ്റിസ്റ്റിക്കൽ യൂണിറ്റ്/കണ്ടെൻറ് മാനേജ്മെൻറ് സെക്ഷൻ/ഐ.ക്യൂ.എ.സി./CITAD
8. റെക്കോർഡ്സ്/സ്റ്റോക്ക് ഫയൽ/ഡേ ഫയൽ/ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #3 of File 3086/AD AI 2/2018/AD A 1 Approved by ASSISTANT REGISTRAR I (ADMIN) on 03-Aug-2019 01:15 PM - Page 1